ഇൻഫർമേഷൻ ടെക്നോളജി അധിഷ്ഠിത വ്യവസായങ്ങൾ

16 (1482)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :
ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോമേഴ്സ് ഇൻഫർമേഷൻ ടെക്നോളജി അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുവാൻ സംരംഭകർക്ക് എന്തൊക്കെ സഹായസഹകരണങ്ങൾ നൽകുവാൻ പദ്ധതിയുണ്ട്;

(ബി) ഇൻഫർമേഷൻ ടെക്നോളജി സാദ്ധ്യതകൾ ചൂഷണം ചെയ്യാൻ സംസ്ഥാനത്ത് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ പദ്ധതി ഉണ്ടോ;

(സി) ടെക്നോപാർക്കിൽ ഇൻഫർമേഷൻ ടെക്നോളജി അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) വിവരസാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങൾക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു.

(1) സ്ഥിര നിക്ഷേപത്തിന്റെ 20% പരമാവധി 25 ലക്ഷം രൂപവരെയുള്ള മൂലധനനിക്ഷേപ സബ്സിഡി

(2) കാപ്റ്റീവ് ജനറേറ്റർ സെറ്റിന് നിക്ഷേപത്തിന്റെ 50% പരമാവധി 10 ലക്ഷം രൂപ നിക്ഷേപ സബ്സിഡി

(3) നിലവിലുള്ള വ്യവസായങ്ങളുടെ വൈവിധ്യവൽക്കരണത്തിനും വികസനത്തിനും ആധുനികവൽക്കരണത്തിനും അതിനുവേണ്ട സ്ഥിരനിക്ഷേപത്തിന്റെ 20% അല്ലെങ്കിൽ പരമാവധി 25 ലക്ഷം രൂപ നിക്ഷേപ സബ്സിഡി.

(4) വിവരസാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വ്യവസായ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് സ്കയർ മീറ്ററിന് 5000 രൂപ എന്ന തോതിൽ കണക്കാക്കി അതിന് അർഹമായ സബ്സിഡി.

കൂടാതെ, സോഫ്റ്റ്വെയർ ടെക്നോളജി പാർക്കിനുകീഴിൽ രജിസ്റ്റർ ചെയ്യുന്ന ഇ-കോമേഴ്സ് ഇൻഫർമേഷൻ ടെക്നോളജി അധിഷ്ഠിത വ്യവസായങ്ങൾക്ക് താഴെ പറയുന്ന സഹായ സഹകരണങ്ങൾ ലഭ്യമാകുന്നതാണ്.

(1) 10 വർഷത്തേക്ക് ആദായ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(2) ഇറക്കുമതി തീരുവയിൽ നിന്ന് പൂർണമായും ഇളവ്

(3) ആഭ്യന്തര വിപണിയിൽ നിന്ന് വാങ്ങുന്ന ഉപകരണങ്ങളെ കേന്ദ്ര എക്സൈസ് നികുതിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

(4) ആഭ്യന്തര വിപണിയിൽ നിന്ന് ഉപകരണങ്ങൾ വാങ്ങുമ്പോൾ നൽകുന്ന വിൽപ്പന നികുതി തിരികെ നൽകുന്നതാണ്.

(5) ലോൺ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ ഇറക്കുമതി ചെയ്യാൻ സാധിക്കും

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുറഞ്ഞ നിരക്കിൽ ഹൈസ്പീഡ് ഡാറ്റാ കമ്മ്യൂണിക്കേഷൻ സൗകര്യം ലഭ്യമാക്കുന്നതാണ്.

(ബി) ഉണ്ട്. സുശക്തമായ ഒരു ഐ.റ്റി. വ്യവസായ അടിത്തറ കെട്ടിപ്പടുക്കാൻ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഐ.റ്റി. നയം വിഭാവനം ചെയ്തിട്ടുണ്ട്. 20 കോടി രൂപയുടെ ഒരു വെഞ്ചർ ക്യാപിറ്റൽ ഫണ്ട് ഐ.റ്റി. വ്യവസായ മേഖലക്കായി രൂപീകരിച്ചിട്ടുണ്ട്. സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ ഉൾപ്പെടെയുള്ള എല്ലാവിധ അടിസ്ഥാനസൗകര്യങ്ങളും ടെക്നോപാർക്കിൽ ലഭ്യമാണ്. കൂടാതെ, സംസ്ഥാനത്ത് പല ഭാഗങ്ങളിലും എസ്.റ്റി.പി.കൾ (സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകൾ) ആരംഭിക്കുന്നുണ്ട്. ഗുണപരമായ അടിസ്ഥാന സൗകര്യങ്ങൾ നൽകി കൂടുതൽ വ്യവസായികളെ കേരളത്തിലേക്ക് ആകർഷിക്കുവാൻ വേണ്ടി സംസ്ഥാനത്ത് ഏഴു സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ കൊച്ചി, കോഴിക്കോട്, പാലക്കാട്, തൃശൂർ പാർക്കുകൾ തുടങ്ങിക്കഴിഞ്ഞു. കൊല്ലം, കോട്ടയം, തിരുവല്ല പാർക്കുകളുടെ പണി പുരോഗമിക്കുന്നു. താമസിയാതെ, പ്രവർത്തനം ആരംഭിക്കുന്നതാണ്. കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ ഉള്ള കൊച്ചിൻ എക്സ്പോർട്ടിംഗ് പ്രോസസിംഗ് സോൺ-ൽ ഒരു വിഭാഗം ഐ.റ്റി. അധിഷ്ഠിത വ്യവസായങ്ങൾക്കായി മാറ്റിവച്ചിട്ടുണ്ട്.

(സി) ഉണ്ട്.

ഗവൺമെന്റ് വാങ്ങുന്ന കമ്പ്യൂട്ടറിന്റെ ഗുണനിലവാരം

17 (1483) ശ്രീമതി എൻ.കെ. രാധ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിൽ കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിന് എന്തെങ്കിലും നിലവാരം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച ഗുണനിലവാരം നിഷ്ക്കർഷിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) വകുപ്പുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് അതാത് വകുപ്പുകളുടെ ആവശ്യകതയനുസരിച്ചാണ് വാങ്ങാനുദ്ദേശിക്കുന്ന കമ്പ്യൂട്ടറിന്റെയും അനുബന്ധ സാധനങ്ങളുടെയും നിലവാരം നിശ്ചയിക്കുന്നത്. ഇക്കാര്യത്തിന് വകുപ്പുകളെ സഹായിക്കുന്നതിനായി സി.എം.സി., സി-ഡാക്ക്, ഇ.സി.ഐ.എൽ, ഇ.റ്റി.ആന്റ്.റ്റി തുടങ്ങിയ 4 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ ടോട്ടൽ സൊലൂഷൻ പ്രൊവൈഡേഴ്സ് (ടി.എസ്.പി.) ആയി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ കർമ്മപദ്ധതികൾ തയ്യാറാക്കുന്നതിന്, എൻ.ഐ.സി., ഐ.എം.ജി., ഐ.എച്ച്.ആർ.ഡി., സി-ഡിറ്റ്, ഇ.ആർ. ആന്റ് ഡി.സി, എൽ.ബി.എസ്., കെൽട്രോൺ എന്നീ 7 സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ സേവനവും വിനിയോഗിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. അതാത് വകുപ്പുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ചുമതലവഹിക്കുന്ന ടി.എസ്.പി.കൾ അവിടെ വാങ്ങുന്ന കമ്പ്യൂട്ടർ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വകുപ്പുകളെ സഹായിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly